"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - കോവിഡ് 2019 - ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്ക് വിധേയമായി ക്ലബ്ബ് ലൈസൻസ് (എഫ്.എൽ-4എ) -ൽ നിന്നും മദ്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ജി) വകുപ്പ്

**സ.ഉ.(കൈ) നം.48/2020/നി.വ** തീയതി,തിരുവനന്തപുരം, 01/06/2020

---

പരാമർശം:- 1 26/03/2020-ലെ ജി.ഒ(എം.എസ്) 35/2020/നി.വ.

2 കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 01/05/2020-ലെ 40-3/2020-ഡി.എം-1 (എ) ഉത്തരവ്.

3 18/05/2020-ലെ ജി.ഒ(എം.എസ്) നം.41/2020/നി.വ.

4 22/05/2020-ലെ ജി.ഒ(എം.എസ്) നം.43/2020/നി.വ.

**<u>ഉത്തരവ്</u>**

കൊറോണ വൈറസ് (COVID-19) വ്യാപനം തടയുന്നതിന് രാജ്യത്താകെ സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന്, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന എല്ലാ മദ്യശാലകളുടെയും പ്രവർത്തനം പരാമർശം (1) പ്രകാരം അവസാനിപ്പിച്ച് ഉത്തരവായിരുന്നു. രാജ്യത്തു മൂന്നാം ഘട്ട ലോക്ഡൗൺ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് പ്രകാരം രാജ്യത്തു മദ്യ വില്പന ശാലകൾ തുറന്നു പ്രവർത്തിക്കുവാൻ അനുമതി നൽകിയിരുന്നു. അതിനെ തുടർന്ന് പരാമർശം ( 3 ) പ്രകാരം സംസ്ഥാനത്തെ മദ്യശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും, പരാമർ ശം ( 4 ) പ്രകാരം മദ്യശാലകൾ (എഫ്.എൽ- 1 , എഫ്.എൽ- 3 , എഫ്.എൽ- 1 1 ) തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2 . മേൽ സാഹചര്യത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ സംസ്ഥാനത്തെ ക്ലബ്ബ് ലൈസൻസ് (എഫ്.എൽ-4എ) -ൽ നിന്നും, വിദേശമദ്യ ചട്ടം 13(4ബി) പ്രകാരം, മദ്യം വിതരണം ചെയ്യുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

(എ). ക്ലബ്ബിലെ അംഗങ്ങൾക്ക് മാത്രമേ മദ്യവിതരണം അനുവദിക്കുകയുള്ളൂ.

(ബി). ക്ലബ്ബിൽ ഇരുന്ന് മദ്യം കഴിക്കുവാൻ അനുവാദം നൽകുന്നതല്ല.

(സി). ക്ലബ്ബ് അംഗങ്ങൾക്ക് പാർസലായി നിയമാനുസരണം കൈവശം സൂക്ഷിക്കാൻ അനുവദിച്ചിട്ടുള്ള അളവിൽ മാത്രം മദ്യം വിതരണം ചെയ്യേണ്ടതാണ്. മദ്യവില്പന നടത്തുന്നത് നിലവിലെ പരമാവധി വില്പന വിലയിൽ (MRP) മാത്രമായിരിക്കണം.

(ഡി). ഒരു സമയം 5-ൽ കൂടുതൽ അംഗങ്ങൾ മദ്യം വാങ്ങുന്നതിന് എത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് നടപ്പിലാക്കുന്നതിന് അംഗങ്ങൾക്ക് ഫോൺ വഴി മുൻകൂട്ടി സമയം നിശ്ചയിച്ച് നൽകേണ്ടതാണ്. അത്തരത്തിൽ മുൻകൂട്ടി ബുക്ക് ചെയ്ത് വരുന്നവർക്ക് മാത്രമേ മദ്യം വിതരണം ചെയ്യാൻ പാടുള്ളൂ.

(ഇ). മദ്യം വിതരണം രാവിലെ 9 മണി മുതൽ 5 മണി വരെ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

(എഫ്). കോവിഡ് സുരക്ഷയ്ക്കായി നിഷ്കർഷിച്ചിട്ടുള്ള പൊതു നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തേണ്ടതുമാണ്.

3. മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾ നടപ്പിൽ വരുത്തുന്നതിനും കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപെട്ട് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതു മാനദണ്ഡങ്ങൾ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ മേൽ നടപടികൾ എക്സൈസ് കമ്മിഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജിത് രാജൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

സംസ്ഥാന പോലീസ് മേധാവി.

അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

എല്ലാ ജില്ലാ കളക്ടർമാർക്കും

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ

മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്

എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും (എക്സൈസ് കമ്മീഷണർ മുഖേന)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. ബഹു.എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

3. നികുതി (എക്സൈസ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ